**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 596 — 26.04.2017 -ൽ മറുപടിക്ക്

## വിനോദസഞ്ചാരമേഖലയിലെ നൂതന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) വിനോദ സഞ്ചാരമേഖലയിൽ മുന്നോട്ടുവെയ്ക്കുന്ന നൂതന പദ്ധതികൾ എന്തെല്ലാം; | എ) • ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യം നിറവേറ്റുന്നതിനും ഊന്നൽ നൽകിക്കൊണ്ട് ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>• നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി ഗോ കേരള ആപ്പ്, ലോവസ്റ്റ് യൂണിക് ബിഡ് എന്നീ വിപണന പരിപാടികൾ നടപ്പിലാക്കി വരുന്നു.<br>• THP (Thalassery Heritage Project) ലെ തലശ്ശേരി ഉൾപ്പെടുന്ന ചരിത്ര പ്രധാന സ്ഥലങ്ങൾ, സ്മാരകങ്ങൾ എന്നിവ ബന്ധപ്പെടുത്തി THCP (Thalassery Heritage Circuit Project) നടപ്പിലാക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു.<br>• ആലപ്പുഴ പൈതൃക ടൂറിസം പദ്ധതി നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

- ഉത്തരവാദിത്ത ടൂറിസം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി വിനോദ സഞ്ചാര മേഖലയിൽ ഇതിനകം അംഗീകരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം എന്ന് വെളിപ്പെടുത്താമോ? | ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി വിനോദസഞ്ചാര പദ്ധതികൾ യാതൊന്നും അംഗീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ